**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4363** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഒരു ലക്ഷം സംരംഭം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം ആരംഭിച്ച സംരംഭങ്ങളിൽ ട്രേഡ് ആക്ടിവിറ്റി എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത്, ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം ആരംഭിച്ച സംരംഭങ്ങളിൽ 2023 ഫെബ്രുവരി 27 വരെയുള്ള കണക്കു പ്രകാരം 46639 സംരംഭങ്ങൾ ട്രേഡ് ആക്ടിവിറ്റി മേഖലയിൽ ഉള്ളവയാണ്. |
| (ബി) | പ്രസ്തുത ട്രേഡ് ആക്ടിവിറ്റിയിൽ ഏതൊക്കെ തരത്തിലുള്ള സംരംഭങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഹോൾസെയിൽ റീട്ടെയിൽ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളെയാണ് ട്രെയിഡ് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് |
| (സി) | ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി പ്രകാരം ട്രേഡ് ആക്ടിവിറ്റിക്ക് സബ്സിഡി അനുവദിക്കുന്ന സ്കീം ഏതാണെന്നും പ്രസ്തുത സ്കീമിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം ട്രേഡ് ആക്ടിവിറ്റികൾക്കും ആനുകൂല്യം നൽകുന്നു.<br><br>ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 01/04/2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്.പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശനിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 6 മാസം/12 മാസക്കാലയളവിൽ ഉള്ള ബാങ്ക് ലോണിന്റെ പലിശ ഇളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുക.<br><br>ഒരു കുടംബം ഒരു സംരംഭം പദ്ധതിക്ക് 2022-2023-ലെ ബഡ്ജറ്റിൽ 2851-00-102-107(04) എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തുകയും |

| | | | |
|---|---|---|---|
| | | | 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. (Link: http://ofoe.industry.kerala.gov.in) ലഭിച്ച അപേക്ഷകൾ പ്രോസസ്സ് ചെയ്ത് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ